"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- താനൂർ ചാപ്പടി ഫിഷറീസ് കോളനിയിൽ താമസിക്കുന്ന ശ്രീ. കാസിം, പരീച്ചന്റെ പുരക്കൽ എന്നവർക്ക് പട്ടയം അനുവദിക്കുന്നതിലേക്കായി നിരാക്ഷേപ പത്രം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**245/2025/F&P** തീയതി,തിരുവനന്തപുരം, **04-04-2025**

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ **20/07/2024, 17/03/2025** എന്നീ തീയതികളിലെ **DFTVM/1602/2023-N1** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ താനൂർ ചാപ്പപടി ഫിഷർമെൻ കോളനിയിൽ താമസിക്കുന്ന ശ്രീ.കാസിം, പരീച്ചന്റെ പുരക്കൽ എന്നവർ താനൂർ ചാപ്പപടി ഫിഷർമെൻ കോളനിയിലെ സ്ഥിരതാമസക്കാരനാണെന്നും ടിയാൻ **2004**-ൽ താനൂർ വില്ലേജിൽ റീ സർവ്വെ **1/1** ഉൾപ്പെടുന്ന **3** സെന്റ് സ്ഥലത്തിന് കൈവശരേഖ കിട്ടിയിട്ടുണ്ടെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ, ടിയാൻ താമസിക്കുന്ന സ്ഥലം തീരപ്രദേശത്തുനിന്നും **50** മീറ്ററിന് പുറത്താണെന്നും ടിയാൻ കോർമ്മൻ കടപ്പുറം **886** നമ്പർ മത്സ്യത്തൊഴിലാളി അംഗമാണെന്നും അപേക്ഷകന്റെ പേരിൽ വേറെ സ്ഥലം ഇല്ലെന്ന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളതായും ഫിഷറീസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടിയാൻ താമസിക്കുന്ന സ്ഥലം ഫിഷറീസ് വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനുള്ള സാധ്യത ഇല്ലാത്തതുകൊണ്ട് അപേക്ഷകന്റെ പേരിൽ പട്ടയം അനുവദിക്കാവുന്നതാണെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ ചാപ്പപടി ഫിഷർമെൻ കോളനിയിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ അധീനതയിലുള്ള റീസർവേ **1/1** ഉൾപ്പെടുന്ന **3** സെന്റ് ഭൂമിയിൽ താമസിക്കുന്ന കാസിം, പരീച്ചന്റെ പുരക്കൽ, ചാപ്പപടി താനൂർ എന്നയാൾക്ക് പട്ടയം അനുവദിക്കുന്നതിന് ഫിഷറീസ് വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം നൽകി ഉത്തരവാകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ ചാപ്പപടി ഫിഷർമെൻ കോളനിയിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ അധീനതയിലുള്ള റീസർവേ **1/1** ഉൾപ്പെടുന്ന **3** സെന്റ് ഭൂമിയിൽ താമസിക്കുന്ന കാസിം, പരീച്ചന്റെ പുരക്കൽ, ചാപ്പപടി താനൂർ എന്നയാൾക്ക് പട്ടയം അനുവദിക്കുന്നതിന് ഫിഷറീസ് വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEKALA T P**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 04-04-2025 10:47:58